# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2734**

**10.07.2015 - ൽ**
**മറുപടിക്ക്**

### നീര ഉൽപാദനം

**ചോദ്യം**
**ശ്രീ.എം.പി.വിൻസന്റ്**
**ശ്രീ.വി.റ്റി.ബൽറാം**
**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ.സി.പി.മുഹമ്മദ്**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| **എ)** | നീര ഉൽപ്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | **എ)** | നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 22/06/15-ലെ സ.ഉ.(എം.എസ്.)നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **ബി)** | നീര ഉൽപാദനത്തിനും പ്രചരണത്തിനുമായി മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | **ബി)** | കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും തെങ്ങിൻ പൂങ്കലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലന ത്തിനുമായി മൂന്ന പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ പൈലറ്റ് യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന നീര (കേരാമൃതം) വിപണനം നടത്തുന്നത് നാളികേര വികസന കോർപ്പറേഷനിലൂടെയാണ്. പൈലറ്റ് പ്രോജക്ടിനായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്കും 180 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷനും നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര പടന്നക്കാട് കാർഷിക കോളേജിലേയും നീലേശ്വരം ഗവേഷണകേന്ദ്രത്തിലേയും സെയിൽസ് കൗണ്ടർ വഴി വിതരണം ചെയ്യുന്നു. |
| **സി)** | നീര ഉൽപാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടെന്നും അനുയോജ്യമായ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകാമോ ? | **സി)** | തെങ്ങിന്റെ നാടൻ ഇനങ്ങളും സങ്കര ഇനങ്ങളുമാണ് നീര ഉല്പാദനത്തിന് കൂടുതൽ അനുയോജ്യമായിട്ടുള്ളത് എന്നാണ് കാർഷിക സർവ്വകലാശാലയിൽ നിന്നും അറിയിച്ചിരിക്കുന്നത്. അനുയോജ്യമായ ഇനങ്ങളും പ്രദേശങ്ങളും കണ്ടെത്തുന്നതിനുള്ള ഗവേഷണം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**